THE VILLAGE INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

**GRADE-7**

# വെള്ളപ്പൊക്കത്തിൽ

**QUESTION BANK**

## I.*അർത്ഥം*

1.സർവ്വത്ര - എല്ലായിടത്തും

2.ശണ്ഠ - വഴക്ക്

3.നിശീഥിനി - രാത്രി

4.ശുനകൻ - പട്ടി

5.വിജനം - ജനം ഇല്ലാത്ത / ശൂന്യം

## II.*പര്യായം*

1.മഴ - വർഷം, മാരി

2.പഴം - ഫലം, പകം

3.സൂര്യൻ - രവി, ആദിത്യൻ

4.ചെവി - കർണ്ണം, കാത്

## III.*ഉത്തരം കണ്ടെത്തുക*

**1. "എല്ലാം ഐക്യമത്യമായി കഴിയുന്നു. ഒരു ശണ്ഠയുമില്ല". കഥാസന്ദർഭത്തിൽ ഈ വാക്യത്തിന്റെ പ്രസക്തി എന്ത്?**

അതിശക്തമായ മഴമൂലം നാട്ടിലെ താഴ്ന്ന പ്രദേശങ്ങളെല്ലാം വെള്ളത്തിനടിയിലായി. വീടുകളും കൃഷിയും വെള്ളത്തിൽ ഒലിച്ചുപോയി. രക്ഷതേടി ആളുകൾ നാട്ടിലെ പൊക്കം കൂടിയ സ്ഥലമായ ക്ഷേത്രത്തിൽ അഭയം പ്രാപിച്ചു. ആ ചെറിയ സ്ഥലത്ത് 67 കുട്ടികളും 356 ആളുകളും പട്ടിയും പൂച്ചയും ആടും കോഴിയുമെല്ലാം ഒരുമയോടെ കഴിയുന്നു. ഒരു ശണ്ഠയുമില്ലാതെ. അപകടസമയത്തുള്ള ജനങ്ങളുടെ ഒരുമയാണ് ഇവിടെ കാണാൻ കഴിയുന്നത്.

**2. "ഇനിയൊരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് നായ പറയുന്നത്  എന്തുകൊണ്ടായാവാം?**

തന്റെ യജമാനനെ അളവറ്റ് സ്നേഹിക്കുന്ന നായയെ കഥാസന്ദർഭത്തിൽ നമുക്ക് കാണാം. വീടിനും വീട്ടുകാർക്കും കാവലായി നിലകൊണ്ട നായയെ ഒരു അപകടഘട്ടത്തിൽ യജമാനൻ ഉപേക്ഷിക്കുന്നു. വെള്ളപ്പൊക്കത്തിൽ അകപ്പെട്ട നായയെ രക്ഷിക്കാനുള്ള ഒരു ശ്രമവും ചേന്നൻ നടത്തുന്നില്ല . ചേന്നൻ മാത്രമല്ല. അതിലൂടെ കടന്നുപോയ മറ്റുവള്ളക്കാർക്കും നായയെ രക്ഷിക്കാൻ കഴിയുമായിരുന്നു. പക്ഷെ അതിന് ആരും ശ്രമിച്ചില്ല . നായയുടെ ജീവന് മനുഷ്യൻ ഒരു വിലയും കല്പിച്ചില്ല . ഈ കാരണങ്ങളാലാവാം ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് നായ ചിന്തിക്കാൻ കാരണം .

**4. "ഏതു ഭാഷക്കാരനും ഏത് ചൊവ്വാഗ്രഹവാസിക്കും ആശയം മനസ്സിലാകും. അത്ര സർവവിദിതമായ ഭാഷ" കഥാകൃത്ത് ഇവിടെ ഉദ്ദേശിച്ചതെന്ത്?**

വെള്ളപ്പൊക്കത്തിൽ ഒരാശ്രയവുമില്ലാതെ ഒറ്റപ്പെട്ടുപോയ ഒരു നായയുടെ പരിക്ഷീണവും ഹൃദയസ്പൃക്കുമായ ദീനരോദനത്തെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. ആ നായയുടെ മോങ്ങൽ കേട്ടാൽ ഏത് ഭാഷക്കാരനും ഏത് ചൊവ്വാഗ്രഹവാസിക്കും അതിന്റെ കാരണം മനസ്സിലാകും.